# ഞങ്ങളല്ല + ഞങ്ങളല്ല = ഞങ്ങളാണ്

ഇസ്‌ലാമിക സമൂഹത്തിൽ നിലനിൽക്കുന്ന ഭിന്നതകൾ അവസാനിക്കുകയും, എല്ലാവരും ഐക്യത്തോടെ വർത്തിക്കുകയും വേണം എന്നത് ഇസ്‌ലാം ദീനിനെ ഇഷ്ടപ്പെടുന്ന ഏവരുടെയും ആഗ്രഹമായിരിക്കും. ഖുർആനിലേക്കും, സുന്നത്തിലേക്കും മടങ്ങുക വഴി മാത്രമേ ആദർശ കെട്ടുറപ്പുള്ള ഒരു സമുദായം നിലനിൽക്കുകയുള്ളു. അതുകൊണ്ടാണ് അല്ലാഹു ആ മാർഗം സൂറത്തുന്നിസാഇലെ 59-ാം ആയത്തിലൂടെ നിർദ്ദേശിച്ചതും. അതുപോലെ മുസ്‌ലീംങ്ങൾക്കിടയിൽ ആദർശപരമായ അഭിപ്രായ വ്യത്യാസങ്ങൾ ഉടലെടുക്കുകയും ഒരു ഭിന്നിപ്പ് പ്രകടമാവുകയും ചെയ്താൽ എന്താണ് ചെയ്യേണ്ടത്. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളിൽ നിന്നുള്ള രണ്ടു വിഭാഗങ്ങൾ പരസ്പരം പോരടിച്ചാൽ അവർക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കണം" (49:9).

അല്ലാഹുവിൻെറ മേൽ സൂചിപ്പിച്ച കൽപനയനുസരിച്ച് കൊണ്ട് കേരള നദ്‌വത്തുൽ മുജാഹിദീനിൻെറ അകത്തുണ്ടായിരുന്ന പണ്ഡിതൻമാരും നേതാക്കളും പരസ്പരം ഒരു ഭിന്നത ഒഴിവാക്കാൻ വേണ്ടി വളരെ ആത്മാർത്ഥമായി ശ്രമം നടത്തുകയുണ്ടായി. അതിൻെറ ഫലമായാണ് പ്രശ്നം കേരള ജംഇയ്യത്തുൽ ഉലമയുടെ മുമ്പാകെ കൊണ്ടുവരാനും പരസ്പരം ചർച്ച ചെയ്യുവാനും തീരുമാനമെടുത്തത്. രണ്ട് ഭാഗത്തുനിന്നുമുള്ള പണ്ഡിതൻമാർ അവരുടെ വാദങ്ങൾ അവതരിപ്പിക്കുകയും സുപ്രധാനമായ തീരുമാനങ്ങളിൽ എത്തുകയും ചെയ്തു. ആരോപണം ഉന്നയിക്കപ്പെട്ടവർ തങ്ങളെപ്പറ്റിപ്പറഞ്ഞ കാര്യങ്ങളെ നിഷേധിക്കുകയും, അതോടൊപ്പം വല്ല വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്താം എന്ന് സമ്മതിക്കുകയും ചെയ്തു. അതിന് ശേഷം ഇരുവിഭാഗത്തിലേയും പണ്ഡിതൻമാർ അവ രേഖപ്പെടുത്തുക്കൊണ്ടുള്ള രേഖയിൽ പേരെഴുതി ഒപ്പുവെക്കുകയും ചെയ്തു.

"സത്യവിശ്വാസികളിൽ നിന്നുള്ള രണ്ട് വിഭാഗങ്ങൾ പരസ്പരം പോരടിച്ചാൽ അവർക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കണം" എന്ന പടച്ച തമ്പുരാൻെറ കൽപന പ്രാവർത്തികമാക്കിയ സന്തോഷത്തിൽ അല്ലാഹുവിനെ സ്തുതിച്ച് കൊണ്ട് ഇരുകൂട്ടരും പിരിയുകയായിരുന്നു 2001 ൽ സംഭവിച്ചത്.

**<u>സംഗതികൾ കീഴ്മേൽ മറിയുന്നു</u>**

പക്ഷെ സന്തോഷിച്ചവരെ മുഴുവൻ ദു:ഖത്തിലാഴ്ത്തിയ സംഗതിയാണ് പിന്നെ നാം കണ്ടത് . പണ്ഡിത സഭയുടെ മുമ്പാകെ പേരെഴുതി ഒപ്പുവെച്ച് കൊണ്ട് അംഗീകരിച്ചതും സമ്മതിച്ചതുമായ സകല കാര്യങ്ങളെയും ആരോപണങ്ങളെയും മുമ്പത്തേക്കാൾ ന്യായീകരിച്ച്കൊണ്ടും, നമ്മുടെ പണ്ഡിതൻമാരെ പൊതു സമൂഹത്തിൽ അവഹേളിക്കുന്ന വിധത്തിലുള്ള പ്രസ്താവനകൾ ഉൾകൊള്ളിച്ചുകൊണ്ടും 'നീല പുസ്തകം' എന്നറിയപ്പെടുന്ന ഒരു ക്ഷുദ്രകൃതി സലഫി പബ്ളിക്കേഷൻ എന്ന വ്യാജ ലേബളിൽ, എഴുതിയ ആളുടെ പേരില്ലാതെ പുറത്തിറങ്ങി. സ്വാഭാവികമായും മുജാഹിദു സംഘടനയിൽ ഉണ്ടായ ഭിന്നിപ്പ് രമ്യമായി തീർന്നതിൽ അരിശം പൂണ്ട ഏതോ ദു:ശക്തികളാണ് ഇതിൻെറ പിന്നിൽ എന്നു മനസിലാക്കിയ കെ. എൻ. എം. നേതൃത്വം പ്രസ്തുത പുസ്തകത്തിൻെറ ഉറവിടം കണ്ടെത്താൻ ശ്രമിക്കുകയുണ്ടായി. അതിന് ഒരു സമിതിയും ഉണ്ടാക്കി. അന്വേഷണ സമിതി കാര്യപ്രസക്തമായ അന്വേഷണങ്ങൾക്കും സാക്ഷ്യവിസ്താരങ്ങൾക്കും ഒടുവിൽ, അന്നത്തെ ഐ എസ് എം നേതൃത്വത്തിനും മർക്കസുദ്ദഅ്‌വക്കും നീലപുസ്തകത്തിൻെറ രചനയിലും അച്ചടിയിലും വിതരണത്തിലും നേരിട്ട് പങ്കുണ്ടെന്ന് കണ്ടെത്തി.

വിശ്വാസികൾക്കിടയിൽ ഉണ്ടായ രഞ്ജിപ്പിനെ തകർക്കുന്നതാണ് ഈ പ്രവർത്തനം എന്ന് മനസിലാക്കിയ കെ. എൻ. എം നേതൃത്വം; അന്നത്തെ ഐ എസ് എം പ്രവർത്തകരുടെ അച്ചടക്ക രാഹിത്യത്തിനെതിരെ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയും പ്രസ്തുത തീരുമാനം നടപ്പിലാക്കാതിരിക്കുവാൻ വല്ല കാരണവും ഉണ്ടെങ്കിൽ ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഐ എസ് എം നേതാക്കൾക്ക് കത്ത് നൽകുകയുമുണ്ടായി. അതിന് വളരെ ധാർഷ്ട്യം നിറഞ്ഞ മറുപടിയാണ് അന്നത്തെ ഐ എസ് എം നേതൃത്വം നൽകിയത്. മാത്രവുമല്ല; നീല പുസ്തകത്തിൻെറ ഉത്തരവാദിത്വത്തെ അവർ നിഷേധിക്കുകയും ചെയ്തു.

അവരുടെ മറുപടി തൃപ്തികരമല്ലാത്തതിനാൽ അവർക്കെതിരെ ശിക്ഷാനടപടി കൈകൊള്ളാൻ കെ എൻ എം കൗൺസിൽ തിരുമാനിച്ചു. എന്നാൽ ശിക്ഷാ നടപടി പാടില്ലായെന്ന് പറഞ്ഞ്കൊണ്ട് ഒൻപത് പേർ അവരുടെ വിയോജിപ്പ് രേഖപ്പെടുത്തി. എന്നാൽ ബഹുഭൂരിപക്ഷത്തിൻെറ അംഗീകാരത്തോടെ ഐ എസ് എം ൻെറ അന്നത്തെ ഭാരവാഹികളായ 35 പേരേ സ്ഥാനങ്ങളിൽ നിന്ന് ഒഴിവാക്കുകയും ഒരു അഡ്ഹോക്ക് കമ്മറ്റിയെ നിശ്ചയിക്കുകയും ചെയ്തു. എന്നാൽ ഇവരെ ഒഴിവാക്കിയത് എന്നന്നേക്കുമായിട്ടല്ലായിരുന്നു. തെറ്റു തിരുത്തി മാപ്പ് പറഞ്ഞാൽ അവരെ തന്നെ ഉത്തരവാദിത്വങ്ങൾ ഏൽപിച്ച് കൊടുക്കുവാൻ തയ്യാറാണെന്ന് രേഖപ്പെടുത്തിയിട്ടാണ് അങ്ങിനെ ചെയ്തത്.

ജനാധിപത്യ വ്യവസ്ഥക്ക് അനുസൃതമായി പ്രവർത്തിക്കുന്ന ഏതൊരു സംഘടനക്കും അതിൻെറ നിയമാവലിയും അച്ചടക്കരീതികളും ഉണ്ടാകും. ഒരു സംഘടനയിലെ ഭൂരിപക്ഷത്തേയാണ് അഭിപ്രായ രൂപീകരണത്തിന് അടിസ്ഥാനമായി കണക്കാക്കാറ്. അച്ചടക്ക നടപടിയോട് ബഹു: ഹുസൈൻ മടവൂർ അടക്കമുള്ള 9 പേരുടെ വിയോജിപ്പ് രേഖപ്പെടുത്തിയ കൗൺസിൽ തീരുമാനും ബഹുഭൂരിപക്ഷത്തിൻേറതായിരുന്നു. അതിനാൽ തീർച്ചയായും ആ 9 പേർ പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് തടസ്സം നിൽക്കാതിരിക്കുകയായിരുന്നു വേണ്ടിയിരുന്നത്. മാത്രമല്ല, മാറ്റിനിർത്തപ്പെട്ട ഐ എസ് എം ഭാരവാഹികളെ കണ്ട് തെറ്റ് തിരുത്തിക്കാനും സംഘടനാ അച്ചടക്കം പാലിക്കാനും അവരെ ഉപദേശിക്കുകയും ചെയ്യേണ്ടിയിരുന്നു. എന്നാൽ സംഭവിച്ചത് എന്തായിരുന്നു. ഇതിനെ തുടർന്ന് ബഹു: ഹുസൈൻ മടവൂർ സ്വന്തം നിലക്ക് കെ എൻ എം സംസ്ഥാന കൗൺസിൽ എന്ന വ്യാജേന ഒരു യോഗം വിളിച്ചുചേർക്കുകയും, നിലവിലുള്ള കെ എൻ എം നേതാക്കൾക്കെതിരെ അവിശ്വാസ പ്രമേയം അവതരിപ്പിച്ച് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തതായി അവകാശപ്പെടുകയും ചെയ്തു. പിന്നീട് നമ്മൾ കണ്ട വാർത്ത ബഹു: ഹുസൈൻ മടവൂർ മുജാഹിദ് പ്രസ്ഥാനത്തിൻെറ പുതിയ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട വാർത്ത പത്രങ്ങളിൽ വരുന്നതാണ്!!

ഈ അവസരത്തിൽ അണികളെ പിടിച്ചു നിറുത്തുവാൻവേണ്ടി ബഹു: ഹുസൈൻ മടവൂരും കൂട്ടരും പ്രചരിപ്പിച്ചിരുന്നത് ഐ എസ് എം ൻെറ പ്രവർത്തകരെ യാതൊരു കാരണവുമില്ലാതെ കെ എൻ എം നേതൃത്വം പുറത്താക്കി എന്നായിരുന്നു. നീല പുസ്തകത്തിൻെറ രചനയിലോ വിതരണത്തിലോ ഞങ്ങൾക്ക് യാതൊരു പങ്കും ഇല്ലാ എന്നായിരുന്നു. ഇത് ഒരു വലിയ കാരണമായാണ് യുവാക്കളുടെ ഇടയിൽ പ്രചരിപ്പിച്ചത്. അക്കാലത്ത് പുറത്തിറക്കിയ ഇവരുടെ ശബാബ് വാരിക പറയുന്നത് കാണുക:


ശബാബ് വാരിക

2002 ആഗസ്ത് 16 വെള്ളി
പുസ്തകം 25 ലക്കം 1

മുജാഹിദ്പ്രസ്ഥാനത്തെ പിളർത്തിയവർക്ക് മാപ്പില്ല

'ക്ഷുദ്രകൃതി'കളേ, ലജ്ജിക്കുക

കേരള നദ്‌വത്തുൽ മുജാഹിദീൻ സംസ്ഥാനസമിതിയിൽ ഉരുണ്ടുകൂടിയ ആഭ്യന്തര സംഘർഷങ്ങൾ മറച്ചുപിടിക്കാനും ഒരു വിഭാഗം ഭാരവാഹികളുടെ സ്വാർഥതാല്പര്യങ്ങൾ സംരക്ഷിക്കാനുമായി എടുത്ത കടുത്തതീരുമാനത്തിൽ ഐ എസ് എം ക്രൂരമായി ഇരയാക്കപ്പെട്ടിരിക്കുകയാണ്. കെ എൻ എമ്മിന്റെയും പണ്ഡിതസംഘടനയായ കേരള ജംഇയ്യത്തുൽ ഉലമയിലെയും ചില ഭാരവാഹികൾക്കെതിരെ ആദർശവ്യതിയാന ആരോപണം ഉന്നയിച്ചുകൊണ്ടാണ് സംഘടനയിലേക്ക് പ്രശ്നക്കാർ കയറിവരുന്നത്. ഈ പ്രശ്നങ്ങളിലെവിടെയും മുജാഹിദ് പ്രസ്ഥാനത്തിന്റെ യുവജനവിഭാഗമായ ഐ എസ് എം ഇടപെടുകയോ കടന്നുവരികയോ ചെയ്യുന്നില്ല. ദൗർഭാഗ്യകരമെന്ന് പറയട്ടെ, പ്രസ്ഥാനത്തെ കൈപ്പിടിയിലൊതുക്കിയ ഒരുവിഭാഗം സംഘടനയെ തെരുക്കെ പിളർത്താൻ മനസ്സാക്ഷിയില്ലാത്ത തീരുമാനമെടുത്തപ്പോൾ കുറ്റങ്ങൾ ചാർത്തപ്പെട്ടത് ഐ എസ് എമ്മിന്റെ തലയിലും!

സംഘടനാവിരുദ്ധവും ആദർശവിരുദ്ധവുമായ ആശയങ്ങളടങ്ങുന്ന 'കേരള നദ്‌വത്തുൽ മുജാഹിദീൻ പുലർത്തിപ്പോരുന്ന ആശയാദർശങ്ങൾ: ആരോപണങ്ങളും മറുപടിയും' എന്ന 'ക്ഷുദ്ര'കൃതിയാണത്രെ മുസ്‌ലിംകേരളത്തെ ഞെട്ടിച്ച തീരുമാനമെടുക്കാൻ കെ എൻ എമ്മിലെ ഒരു വിഭാഗത്തെ പ്രേരിപ്പിച്ചത്. ഈ കൃതി അച്ചടിച്ചതും വിതരണം ചെയ്തതും ഐ എസ് എമ്മിന്റെ ഉത്തരവാദപ്പെട്ട ഭാരവാഹികളാണത്രെ! ജംഇയ്യത്തുൽ ഉലമയുടെ ഏകോപിച്ച തീരുമാനത്തിനുശേഷം ഇറക്കപ്പെട്ട ഈ പുസ്തകമാണത്രെ സംഘടനയിൽ വീണ്ടും കുഴപ്പങ്ങൾക്ക് തിരികൊളുത്തിയത്.

യഥാർഥത്തിൽ ഇതത്രയും സത്യത്തിന്റെ അംശം പോലുമില്ലാത്ത ആരോപണങ്ങൾ മാത്രമാണ്. ഈ കൃതിയുടെ രചനയിലോ പ്രസിദ്ധീകരണത്തിലോ വിതരണത്തിലോ ഐ എസ് എമ്മിന് യാതൊരു പങ്കുമില്ല. ഇത് അന്വേഷിക്കാനായി രൂപംകൊണ്ട സമിതി ഐ എസ് എം ഭാരവാഹികളെയോ മറ്റു ബന്ധപ്പെട്ടവരെയോ കാണുകയോ അവരിൽനിന്ന് തെളിവെടുക്കുകയോ ചെയ്തിട്ടില്ല. ഏകപക്ഷീയമായി അവർ തന്നെ തീരുമാനമെടുക്കുകയും അത് അടിച്ചേല്പിക്കുകയുമായിരുന്നു.

മാത്രവുമല്ല, കോഴിക്കോട്ടെ സലഫി പബ്ലിക്കേഷനാണ് ഈ കൃതി പ്രസിദ്ധം ചെയ്തത് എന്ന് പുസ്തകത്തിന്റെ കവർപേജിൽതന്നെ പറയുന്നുമുണ്ട്. ജംഇയ്യത്തുൽ ഉലമാ തീരുമാനത്തിനുശേഷമാണ് പ്രസ്തുത പുസ്തകമിറങ്ങിയത് എന്നത് തനി വ്യാജമാണ്. കാരണം ഈ പുസ്തകമിറങ്ങിയത് 2001 ജൂൺ ഒന്നിനാണ്. ജംഇയ്യത്തുൽ ഉലമ തീരുമാനം വരുന്നതാകട്ടെ, ജൂൺ 6നും. ജംഇയ്യത്തിന്റെ തീരുമാനങ്ങളടങ്ങിയ പ്രസ്തുത പുസ്തകത്തിൽ 'ക്ഷുദ്ര'കൃതിയെക്കുറിച്ച് പരാമർശമുണ്ട്. പിന്നെയെങ്ങനെ ഇത് കെ ജെ യു തീരുമാനത്തിന് വിരുദ്ധമാവും!

മാത്രവുമല്ല, ഈ 'ക്ഷുദ്രകൃതി' ഇറങ്ങുന്നതിന് മുമ്പ് വേറെയും നിരവധി ക്ഷുദ്രകൃതികൾ ഇറങ്ങിയിട്ടുണ്ടല്ലോ. കെ ജെ യുവിന് [illegible] അവതരിപ്പിച്ച പ്രബന്ധങ്ങളെല്ലാം പുസ്തകങ്ങളായി ഇറക്കിയില്ലേ! അത് വിതരണംചെയ്യാൻ മുജാഹിദ് സെന്റർ കേന്ദ്രമാക്കിയില്ലേ? അതിനായി ഉത്തരവാദപ്പെട്ട കെ എൻ എം ഭാരവാഹികൾ രംഗത്ത് വന്നില്ലേ? ഔദ്യോഗിക വാഹനങ്ങളും പരിപാടികളും വരെ അതിനുവേണ്ടി ദുരുപയോഗിച്ചില്ലേ? എന്തേ ഇതൊന്നും അന്വേഷണക്കമ്മീഷന്റെ പരിധിയിൽപെടുന്നില്ലേ? ഇതെല്ലാം ചെയ്തത് ആരാണെന്ന് വ്യക്തമായി

( ശേഷം പേജ് 11 ൽ)

**<u>സത്യം പുറത്തു വരുന്നു</u>**

ചുരുങ്ങിയത് ആറുമാസങ്കെിലും "ഈ കൃതിയുടെ രചനയിലോ പ്രസിദ്ധീകരണത്തിലോ വിതരണത്തിലോ ഐ എസ് എമ്മിന് യാതൊരു പങ്കുമില്ല" എന്ന് ഇവർ പറഞ്ഞു നടന്നു. ശബാബിൽ ഇവ്വിഷയ

കമായി എഴുതിവിട്ട കാര്യങ്ങൾ പച്ചകളവായിരുന്നു എന്ന് പിന്നീട് ബോധ്യമായി. അല്ലാഹു ഇക്കൂട്ടരെ കൊണ്ട് തന്നെ അതിൻെറ പിന്നിൽ പ്രവർത്തിച്ചിരുന്നവരെ കുറിച്ച് അറിയിച്ചു തന്നു. നീല പുസ്തക ത്തിൻെറ ഉറവിടം മർക്കസുദ്ദഅ്വ തന്നെയെന്ന് ഇവരുടെ നേതാക്കളിൽ ഒരാളായ അസ്ഗറലിയാണ് വെളിപ്പെടുത്തുന്നത്. 'ഉത്തര കേരള മുജാഹിദ് സമ്മേളനം കോട്ടക്കൽ 05- ഓർമ്മകളിൽ' എന്ന റിവ്യൂവിൽ 'മുജാഹിദ് സംഘടനയിലെ ഭിന്നത: യാഥാർത്ഥ്യവും വസ്തുതകളും' (പേജ്:131-142) എന്ന ലേഖനത്തിലാണ് ഇക്കാര്യം തുറന്ന് പറയുന്നത്. പ്രസ്തുത ഭാഗം താഴെ ഉദ്ധരിക്കുന്നു.

"ഇരു വിഭാഗത്തിൻെറയും പ്രബന്ധങ്ങൾ ക്രോഡീകരിച്ച് ഒരു പുസ്തക രൂപത്തിൽ പ്രസിദ്ധീക രിക്കാൻ ചർച്ചയിൽ പങ്കെടുത്ത ഞങ്ങളോട് ചിലർ സമ്മതം ചോദിച്ചിരുന്നു. അതിന് തടസ്സം ഇല്ലെന്ന് മനസ്സിലായപ്പോൾ സമ്മതവും നൽകി. എന്നാൽ ഇത് പുറത്ത് വന്നപ്പോൾ ഗ്രന്ഥത്തിലെ ചില പരാമർ ശങ്ങൾ അതിര് കടന്നതായി ശ്രദ്ധയിൽ പെട്ടു. ഇതു ഞങ്ങൾ ചൂണ്ടി കാണിക്കുകയും തിരുത്താൻ ആവശ്യ പ്പെടുകയും ചെയ്തിരുന്നു. എന്നാൽ അപ്പോഴേക്കും പുസ്തകം വിതരണം തുടങ്ങികഴിഞ്ഞിരിക്കുന്നു. പലരും ഒഴിഞ്ഞുമാറി ഉത്തരവാദിത്വത്തിൽ നിന്ന് അകലുകയും ചെയ്തു. അകുകൊണ്ട് തന്നെ ഉദ്ദേശിച്ച ഫലം പ്രബന്ധങ്ങളുടെ പ്രസിദ്ധീകരണം കൊണ്ട് ഉണ്ടാക്കാൻ ആയില്ല. ഇതാണ് നീലപുസ്തകത്തിൻെറ വസ്തുതകൾ. ഈ പുസ്തകം പ്രസിദ്ധീകരിച്ച സലഫി പ്രസാദകരെ കുറിച്ചും ഗ്രന്ഥ രൂപത്തിൽ തയ്യാറാ ക്കിയവരെ കുറിച്ചും അവ്യക്തത പിന്നെയും നിലനിന്നു. അതു മാന്യമായ നടപടിയല്ലെന്ന് ഞങ്ങൾക്ക് തോന്നുകയും ഒരു പരിഹാരം എന്ന നിലക്ക് <u>പ്രബന്ധം തയ്യാറാക്കുന്നതിൽ മുഖ്യ പങ്കുവഹിച്ച എം. ഐ. മുഹമ്മദലി സുല്ലമിയോട്</u> ഇതു സംബന്ധമായി ഒരു പുസ്കതം തയ്യാറാക്കാൻ നിർദ്ദേ ശിക്കുകയും ചെയ്തു. ഈ പുസ്തകത്തിൽ പ്രസാദകരുടെ പേരും ഗ്രന്ഥകർത്താവിൻെറ പേരും ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. എം ഐ മുഹമ്മദലി സുല്ലമി പേരു വെച്ചു തന്നെ പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതോടെ നീലപുസ്തകം അപ്രസക്തമായി".

സഹോദരൻമാരെ, എങ്ങനെയുണ്ട് ഇവരുടെ പ്രചരണങ്ങൾ? ശബാബിലൂടെ അന്ന് പറഞ്ഞ മുഴുവൻ കാര്യങ്ങളെയും തകർക്കുന്നതല്ലെ ഈ വെളിപ്പെടുത്തൽ? അല്ലാഹുവിൻെറ പ്രീതി ആഗ്രഹിച്ച് ഇരു വിഭാഗങ്ങളും തമ്മിൽ ഉണ്ടായ ഭിന്നിപ്പു തീർക്കാൻ വേണ്ടി നടത്തിയ അനുരഞ്ജന ശ്രമത്തെ, കാറ്റിൽ പറത്തിയ നീല പുസ്തക രചനയുടെ പിതൃത്വം ഏറ്റെടുത്ത ഇവർ അന്നു നടത്തിയ നുണ പ്രചരണങ്ങൾക്ക് എന്തു മറുപടി പറയാൻ കഴിയും.

<u>**മുസ്‌ലിം സ്വീകരിക്കേണ്ട നിലപാട്**</u>

ഇവിടെ ഒരു മുസ്‌ലിം സ്വീകരിക്കേണ്ട നിലപാട് എന്തായിരിക്കണം. ഭിന്നത ഒഴിവാക്കാൻ വേണ്ടി രഞ്ജിപ്പിനു ശ്രമിച്ച ശേഷം അതിൽ അതിക്രമം കാണിക്കുന്നവരോട് എപ്രകാരം ആയിരിക്കണം ഒരു വിശ്വാസി വർത്തിക്കേണ്ടത് എന്ന് അല്ലാഹു കൃത്യമായി ഉത്ബോധിപ്പിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു: സത്യവിശ്വാസികളിൽ നിന്നുള്ള രണ്ടു വിഭാഗങ്ങൾ പരസ്പരം പോരടിച്ചാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കണം. എന്നിട്ടു രണ്ടിൽ ഒരു വിഭാഗം മറുവിഭാഗത്തിനെതിരിൽ അതിക്രമം കാണിച്ചാൽ അതിക്രമം കാണിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കൽപനയിലേക്ക് മടങ്ങിവരുന്നതു വരെ നിങ്ങൾ സമരം നടത്തണം" (49:9).

മേൽ സൂചിപ്പിച്ച ആയത്തിൻെറ ആശയത്തോട് നീതി പുലർത്തുവാൻ വേണ്ടി അമാനി മൗലവി(റ) യുടെ വിശദീകരണം താഴെ കൊടുത്തിരിക്കുന്നു. "രണ്ടു വിഭാഗം മുസ്‌ലീങ്ങൾക്കിടയിൽ വഴക്കും ശണ്ഠയും കൂടുമ്പോൾ മറ്റുള്ളവർ –നേതാക്കൾ വിശേഷിച്ചും- അവർക്കിടയിൽ സന്ധിയാക്കി നന്നാക്കി ത്തീർക്കുന്നതു അവരുടെ കടമയാണ്. നല്ല വാക്കു പറഞ്ഞും, സദുപദേശം നൽകിയും, അല്ലാഹുവിൻെറ വിധിവിലക്കുകളെ ഓർമ്മിപ്പിച്ചും ഇതു നിർവ്വഹിക്കാം. എത്ര പരിശ്രമിച്ചിട്ടും ഒരു വിഭാഗക്കാർ നീതിക്കും നിയതിക്കും വഴങ്ങാതെ അക്രമം തുടരുകയാണെങ്കിൽ –അതല്ലെങ്കിൽ ഇരുവിഭാഗവും തമ്മിൽ നന്നായിപ്പി രിഞ്ഞ ശേഷം ഒരു വിഭാഗം വീണ്ടും അക്രമത്തിനു മുതിരുന്ന പക്ഷം -നീതി- നിയമങ്ങൾ അനുസരിക്കുവാൻ തയ്യാറാകുന്നതുവരെ അക്രമവിഭാഗത്തിനെതിരിൽ മറ്റുള്ളവർ പൊരുതുയും ചെയ്യണം. അതിന്, സത്യത്തിൻെറയും നീതിയുടെയും പക്ഷത്തിനു സഹായം നൽകണം".

ഇത് വായിക്കുന്ന ബഹുമാന്യ സഹോദരാ, അമാനി മൗലവി(റ) വിശദീകരിച്ച കാര്യങ്ങൾ മുഴുവൻ നടന്നത് മുകളിൽ വായിച്ചുവല്ലോ. ഇരുവിഭാഗവും നന്നായി പിരിഞ്ഞതിൻെറ ശേഷം ചതിയുടെ ഒളിയമ്പുകൾ തൊടുത്തുവിടുന്ന പിരിഞ്ഞുപോയ സഹോദർങ്ങൾക്കെതിരെ ആദർശപരമായ പോരാട്ടം തുടരുകതന്നെയല്ലെ വേണ്ടത്. അവർ നീതിയിലേക്ക് വരുന്നതുവരെ إن شاء الله ഈ പോരാട്ടം തുടർന്ന് കൊണ്ടിരിക്കും.

**മുഹമ്മദ് അൻവർ**